# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM P5/216/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 01/04/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM P5/216/23 തീയ്യതി: 01/04/2023

## കൊല്ലം ജില്ലയിലെ കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി അമ്പിളി എം ഡി | ഡെപ്യൂട്ടി ഡയറക്ടർ ഹ.ഗ്രേ | 09-01-2023 | 18-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 09-01-2023 | 18-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.പ്രദീപ് കുമാർ. പി ഓഡിറ്റ് ഓഫീസർ ഹ.ഗ്രേ
ശ്രീമതി സിന്ധു ടി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ രാകേഷ് എം., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി രശ്മി ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സുദീപ എസ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.ബിജു. എസ് | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സിന്ധു. ആർ | അസിസ്റ്റൻറ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ജോണി. ജെ. ബോസ്കോ | അസിറ്റൻറ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| സന്തോഷ്. എസ് | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| സരോജം. റ്റി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ഡോ.ശരത്ത് എൻ | മെഡിക്കൽ ഓഫീസർ ആയൂർവേദം | 01-04-2021 | 31-03-2022 |
| ഡോ.പ്രശാന്ത് | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 01-04-2021 | 31-03-2022 |
| മഞ്ജു എ | വി.ഇ.ഒ. കല്ലുവാതുക്കൽ സർക്കിൾ | 01-04-2021 | 31-03-2022 |
| പ്രതീഷ് സത്യൻ | വി.ഇ.ഒ പാരിപ്പള്ളി സർക്കിൾ | 01-04-2021 | 31-03-2022 |
| ചാരുതാർഥ് | വി.ഇ.ഒ. വേളമാനൂർ സർക്കിൾ | 01-04-2021 | 31-03-2022 |
| വിജയൻ ദിവാകർ | ഹെഡ്മാസ്റ്റർ | 01-04-2021 | 31-03-2022 |
| ഇന്ദു എസ് വി | ഡെയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ഡോ. മായ ടി ആർ | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2021 | 31-03-2022 |
| ഡോ. ശ്രീകല | മെഡിക്കൽ ഓഫീസർ സിദ്ധ | 01-04-2021 | 31-03-2022 |
| ജെബിൻ ജെ ബി | അക്രെഡിറ്റഡ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ധന്യ കൃഷ്ണൻ | കൃഷി ഓഫീസർ | 01-04-2021 | 27-10-2021 |
| സാലിഹ | കൃഷി ഓഫീസർ | 28-10-2021 | 31-03-2022 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പര്‍ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാര്‍ഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാര്‍ഷിക ധനകാര്യ പത്രികയുടെ പരിശോധനയില്‍ കണ്ടെത്തിയ അപാകതകള്‍ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികള്‍ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകള്‍ നടത്തിയതിന്റെ വിവരം | 1-10 |
| 12 | തൊഴില്‍ നികുതി, സ്ഥാപന തൊഴില്‍ നികുതി എന്നിവ ഈടാക്കിയില്ല. | 1-11 |
| 13 | കോവിഡ് പ്രതിരോധ പ്രവര്‍ത്തനങ്ങള്‍: മുന്‍കൂര്‍ ക്രമീകരിച്ചതിന്റെ രേഖയില്ല 50000/- രൂപയുടെ ചെലവ് തടസ്സത്തില്‍ വയ്ക്കുന്നു. | 1-12 |
| 14 | പാരിപ്പള്ളി കംഫര്‍ട്ട് സ്റ്റേഷന്‍ ലേലത്തുക പൂര്‍ണ്ണമായി ഈടാക്കിയില്ല | 1-13 |
| 15 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല ചെലവ് തുക തടസ്സപ്പെടുത്തുന്നു | 1-14 |
| 16 | റോഡ് വശങ്ങളിലെ വൃക്ഷങ്ങള്‍ മുറിച്ചുമാറ്റല്‍ - രേഖകളുടെ അഭാവത്തില്‍ 47000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-15 |
| 17 | അസിസ്റ്റന്റ് എന്‍ജിനീയര്‍ക്ക് വാഹനം വാടകയ്ക്ക് - രേഖകളുടെ അഭാവത്തില്‍ 13130/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. | 1-16 |
| 18 | മാലിന്യ നിര്‍മ്മാര്‍ജ്ജനം - രേഖകളുടെ അഭാവത്തില്‍ 88,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-17 |
| 19 | പദ്ധതി പണം ചെലവഴിച്ചെങ്കിലും മരുന്നുകളും ഉപകരണങ്ങളും ലഭ്യമായിട്ടില്ല. | 1-18 |
| 20 | മെഡിക്കല്‍ ഓഫീസര്‍ സി.എച്ച്.സി യുടെ നിര്‍വ്വഹണത്തിലുള്ള പദ്ധതികള്‍ : 465695/- രൂപയുടെ ചെലവ് ഓഡിറ്റില്‍ തടസ്സപ്പെടുത്തുന്നു. | 1-18-1 |
| 21 | മെഡിക്കല്‍ ഓഫീസര്‍ ഹോമിയോയുടെ നിര്‍വ്വഹണാധികാരത്തിലുള്ള പദ്ധതികള്‍ : 172778/- രൂപയുടെ ചെലവ് ഓഡിറ്റില്‍ തടസ്സപ്പെടുത്തുന്നു. | 1-18-2 |
| 22 | മരാമത്ത് പ്രവര്‍ത്തികള്‍:രേഖകള്‍ സൂക്ഷിക്കുന്നതില്‍ ഗുരുതരമായവീഴ്ച | 1-19 |

| | | |
|---|---|---|
| 23 | തെരുവു വിളക്ക് പരിപാലനം - അനർഹമായി വാഹന വാടക നൽകി - ചെലവ് തുക നിരാകരിക്കുന്നു. | 1-20 |
| 24 | ലൈഫ് മിഷൻ ഭവന നിർമ്മാണം - തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ പണി പൂർത്തിയാക്കാൻ അവശേഷിക്കുന്നു | 1-21 |
| 25 | പാനൽ എൻജിനീയർമാർ മുഖേന നടത്തിയ ഇലക്ട്രിക്കൽ പ്രവൃത്തി- സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. | 1-22 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | തെരുവു വിളക്ക് പരിപാലനം - അനർഹമായി വാഹന വാടക നൽകി - ചെലവ് തുക നിരാകരിക്കുന്നു. | 3-1 |
| 2 | അസിസ്റ്റന്റ് എൻജിനീയർക്ക് വാഹനം വാടകയ്ക്ക് - രേഖകളുടെ അഭാവത്തിൽ 13130/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. | 3-2 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധ പത്രികകൾ | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22 സാമ്പത്തിക വർഷത്തെ ബജറ്റ് 05.02.2021 തീയതിയിലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2022 | 17.06.2022 | - | - |

### 1-2-1 വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1 ഫണ്ട് വിനിയോഗം പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന ഫണ്ടുകളുടെ ചെലവ് വിവരങ്ങൾ ACR, വാർഷിക കണക്ക് /സുലേഖ സ്റ്റേറ്റ്മെന്റ് എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ACR പ്രകാരമുള്ള ചെലവ് (₹) | AFS പ്രകാരമുള്ള ചെലവ് (₹) |
|---|---|---|
| വികസന ഫണ്ട് ജനറൽ | 24935657/- | 23935657/- |
| വികസന ഫണ്ട് SCP | 17894908/- | 17116574/- |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 10922471/- | 9255384/- |
| മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് | 6559952/- | 6132928/- |

2. Central Finance Commission Grant (Tied&Untied) ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള പലിശ 97684/- രൂപയാണ്. എന്നാൽ RP31 ലെ വരവ് 14343573/-രൂപ ബാങ്ക് പലിശയായി 112573/-രൂപയും കൂടി ഉൾപ്പെടുത്തിയാണ് രേഖപ്പെടുത്തിയിട്ടുള്ളത് (14231000+112573). RP 40 (B) യിലുൾപ്പെട്ടിട്ടുള്ള തുകയിൽ യഥാർഥ നീക്കിയിരിപ്പ് 8332926/-രൂപയാണെന്നിരിക്കെ AFS ൽ ഉൾപ്പെട്ടിട്ടുള്ള പലിശ വരവ് തുകയായ 112573/- രൂപയും കൂടി ഉൾപ്പെടുത്തിയാൽ നീക്കിയിരിപ്പ് തുക 8445499/- രൂപയാവുകയും ബാങ്കിലുള്ള നീക്കിയിരിപ്പ് തുകയായ 8443426/- രൂപയും തമ്മിൽ 2073/- രൂപ ബാങ്കിൽ കുറവുള്ളതായും കാണുന്നു.
3. ജില്ലാ പഞ്ചായത്ത് ബ്ലോക്ക് പഞ്ചായത്ത് വിഹിതം ബാലൻസ് ഷീറ്റ് B 4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് തുക 1907062/- രൂപയാണ്. എന്നാൽ ജില്ലാ പഞ്ചായത്ത് ബ്ലോക്ക് പഞ്ചായത്ത് ട്രഷറി ജോയന്റ് വെഞ്ച്വർ നീക്കിയിരിപ്പ് തുക Resumption Amount ഉൾപ്പടെ 1615562/- രൂപയാണ്.
4. അസി എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളിൽ പാർട്ട് ബിൽ പ്രകാരം ചെലവഴിച്ച തുകകളുടെ വിശദാംശങ്ങൾ Capital Work In Progress B 11(a) യിൽ ഉൾപ്പെട്ടിട്ടില്ല.
5. ലോൺ രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. RP - 32 Secured Loans ൽ ലോൺ വരവ് തുകയായി 13,00,000/- രൂപ ഉൾപ്പെട്ടിട്ടുണ്ട്. ലൈഫ് മിഷൻ സ്റ്റേറ്റ് മെന്റ് പ്രകാരം വരവില്ല.
6. ലൈഫ് മിഷൻ സംസ്ഥാന വിഹിതം 2020-21 ലെ നീക്കിയിരിപ്പ് 28,60,000/- രൂപയാണ്. സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 ലെ ചെലവ് 25,00,000/- രൂപയാണ്. തൻവർഷം വരവില്ല. ഈ സാഹചര്യത്തിൽ 20 21 - 22 ലെ ബാലൻസ് ഷീറ്റിൽ 360000/- രൂപ ഉൾപ്പെടേണ്ടതാണെങ്കിലും നീക്കിയിരിപ്പായി പ്രസ്തുത ഹെഡിൽ തുകകൾ ഉൾപ്പെട്ടിട്ടില്ല.
7. Hudco Loan Repayment 2020-21 ൽ ഒടുക്കുവാൻ അവശേഷിക്കുന്ന തുക 6132940/- രൂപയാണ്. തൻവർഷം ലോൺ വരവില്ല. ലോൺ തിരിച്ചടച്ച തുക 4558400/- രൂപയാണ്. ബാലൻസ് ഷീറ്റ് B-5 ഷെഡ്യൂളിൽ Secured Loan ൽ Outstanding Balance For Repayment ആയി വരേണ്ട തുക 56804540/- രൂപ ആണെന്നിരിക്കെ 2021-22 വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടുള്ള തുക 56770132/- രൂപയാണ്.

8. 2021-22 വർഷാവസാനം ലഭ്യമാക്കിയ രേഖകൾ പ്രകാരമുള്ള സ്ഥിര നിക്ഷേപം 41536083/- രൂപയാണെന്നിരിക്കെ വാർഷിക കണക്കിലുൾപ്പെടുത്തിയ തുക 39192929/- രൂപയാണ്. വിവിധ ബാങ്കുകളിലെ ആകെ സ്ഥിര നിക്ഷേപങ്ങളുടെ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തി കൊണ്ട് രജിസ്റ്റർ പരിപാലിക്കുന്നില്ല.

9. സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം PBIG ഇനത്തിൽ 2021-22 വർഷം 46,21,881/-രൂപയുടെ ചെലവുള്ളതായി കാണുന്നു. പ്രസ്തുത ഗ്രാന്റിനത്തിൽ 2021-22 വർഷം വരവുള്ളതായി കാണുന്നില്ല. ടി തുക ഏത് ഹെഡിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത് എന്നത് വ്യക്തമല്ല. ടി തുക ചെലവഴിക്കാൻ 2020-21 ൽ ബാലൻസ് ഷീറ്റിൽ നീക്കിയിരിപ്പുള്ള ഏതിനത്തിൽ നിന്നാണ് ചെലവഴിച്ചത് എന്നത് സംബന്ധിച്ചും ടിയിനത്തിൽ നീക്കിയിരിപ്പുണ്ടെങ്കിൽ ആയത് ഏത് ഇനത്തിലാണ് ഉൾപ്പെട്ടിട്ടുള്ളതെന്നുമുള്ള വിവരങ്ങൾ ലഭ്യമല്ല.

10. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികൾ പ്രകാരം ഡെപ്പോസിറ്റ് ഇനത്തിൽ കെ.എസ്.ഇ.ബി.യിൽ 6,68,532/-രൂപയും, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ 15,11,000/-രൂപയും, ജൽ ജീവൻ മിഷനിൽ 6,41,250/-രൂപയും ഒടുക്കിയിട്ടുണ്ട്. എന്നാൽ B-18 ഷെഡ്യൂളിൽ ടി തുകയും കൂടി ഉൾപ്പെട്ട ഡെപ്പോസിറ്റ് തുകയല്ല ഉൾപ്പെടുത്തിയിട്ടുള്ളത്.

11. നടയ്ക്കൽ സർവ്വീസ് സഹകരണ ബാങ്ക് 2022 മാർച്ച് മാസത്തെ റിക്കൺസിലിയേഷൻ വിവരങ്ങൾ അൺക്യാഷ്ഡ് ഡീറ്റെയിൽസിൽ ഉൾപ്പെട്ടിട്ടുള്ള ചുവടെ ചേർക്കുന്ന ചെക്കുകൾ നാളിതുവരെ മാറിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു :-

| ക്രമ നമ്പർ | ചെക്ക് നമ്പർ / തീയതി | തുക (₹) |
|---|---|---|
| 1. | 224683 / 25.03.2022 | 4,620/- |
| 2. | 225027 / 31.03.2022 | 1,44,294/- |
| 3. | 224677 / 25.03.2022 | 10,000/- |
| 4. | 225025 / 31.03.2022 | 1,20,000/- |
| 5. | 225028 / 31.03.2022 | 98,013/- |
| 6. | 224653 / 25.03.2022 | 336/- |
| 7. | 224676 / 25.03.2022 | 4,500/- |
| 8. | 224682 / 25.03.2022 | 1,320/- |
| 9. | 224767 / 21.03.2022 | 1,097/- |
| 10. | 224775 / 27.03.2022 | 251/- |
| 11. | 224989 / 26.03.2022 | 3,712/- |
| 12. | 224689 / 16.03.2022 | 4,759/- |
| 13. | 210459 / 19.02.2022 | 888/- |
| 14. | 210465 / 19.02.2022 | 1,076/- |
| 15. | 209956 / 25.11.2021 | 5,455/- |
| 16. | 209888 / 25.10.2021 | 1,272/- + 1,264/- |
| 17. | 208390 / 22.10.2021 | 23,700/- |
| 18. | 209946 / 17.11.2021 | 4,988/- |
| 19. | 209883 / 15.10.2021 | 155/- |
| 20. | 208351 / 25.08.2021 | 5,478/- |
| 21. | 208393 / 20.07.2021 | 636/- |
| 22. | 208394 / 20.07.2021 | 1,890/- |

| | | |
|---|---|---|
| 23. | 20287 / 30.09.2020 | 500/- |
| 24. | 198033 / 05.05.2017 | 500/- |
| 25. | 198164 / 30.05.2017 | 500/- |
| 26. | 196707 / 15.03.2018 | 590/- |
| 27. | 199980 / 07.11.2019 | 2,500/- |
| 28. | 209886 / 25.10.2021 | 640/- |
| 29. | 210458 / 19.02.2022 | 93/- |

റീകൺസിലിയേഷൻ വിവരങ്ങൾ കൃത്യമാക്കിയിട്ടില്ല. 2017-18 സാമ്പത്തിക വർഷം മുതലുള്ള ചെക്കുകളുടെ വിശദാംശങ്ങൾ Uncashed Cheque കളിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

12. DCB ഇനങ്ങളുടെ ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹60720938/- |
| വരവ് | ₹154844325/- |
| ആകെ | ₹215565263/- |
| ചെലവ് | ₹160924167/- |
| നീക്കിയിരിപ്പ് | ₹54641096/- |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം | ₹15230/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹4377449/- |

## 1-4 ഫണ്ട് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ്(രൂപ) | വരവ്(രൂപ) | ആകെ(രൂപ) | ചെലവ്(രൂപ) | നീക്കിയിരിപ്പ്/ ലാപ്സ്സായ തുക (രൂപ) |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 31579930/- | 31579930/- | 30570857/- | 1009073/- |
| വികസനഫണ്ട് (എസ്.സി.പി) | 0 | 20884526/- | 20884526/- | 111228574/- | 1655932/- |
| വികസനഫണ്ട് (റ്റി. എസ്.പി) | 0 | 0 | 0 | 0 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) ട്രഷറി | 0 | 1357351/- | 1357351/- | 551285/- | 806066/- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) ബാങ്ക് | 0 | 5692000/- | 5692000/- | 4139362/- | 1552638/- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) ട്രഷറി | 0 | 6609078/- | 6609078/- | 2392411/- | 4216667/- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) ബാങ്ക് | 0 | 8539000/- | 8539000/- | 1758712/- | 6780288/- |
| മെയിന്റനൻസ് ഫണ്ട്(റോഡ്) | 0 | 18942685/- | 18942685/- | 9255384/- | 9687309/- |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ് ഫണ്ട്(നോൺ റോഡ്) | 0 | 11289205/- | 11289205/- | 6132928/- | 5156277/- |
| സംസ്ഥാനാവിഷ്കൃത ഗ്രാന്റ് | | | | | |
| | മുന്നിരിപ്പ് (രൂപ) | വരവ്(രൂപ) | ആകെ(രൂപ) | ചെലവ്(രൂപ) | നീക്കിയിരിപ്പ്/ ലാപ്സ്സായ തുക (രൂപ) |
| ലൈഫ് മിഷൻ – സംസ്ഥാനവിഹിതം | 28,60,000/- | 0 | 28,60,000/- | 25,00,000/- | 3,60,000/- (ബാലൻസ് ഷീറ്റിൽ നീക്കിയിരിപ്പായി പ്രസ്തുത തുക ഉൾപ്പെട്ടിട്ടില്ല) |
| ശുചിത്വമിഷൻ ഗ്രാന്റ് | 51,09,791/- | 2,30,000/- | 53,39,791/- | 10,00,000/- | 43,39,791/- |
| MNREGS ഭരണചെലവുകൾ | 1,88,263/- | 1063445/- | 12,51,708/- | 1249715/- | 1,993/- |
| കേന്ദ്രാവിഷ്കൃത ഗ്രാന്റ് | | | | | |
| ICDS | 60,000/- | 2337398/- | 2397398/- | 1413113/- | 984285/- |
| TSC | 16,12,174/- | 135550/- | 1747724/- | 0 | 1747724/- |
| PYCKA | 80,319/- | 0 | 80,319/- | 0 | 80,319/- |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 306 | 285942628/- | 188 | 118113630/- | 18 | 100 | 61 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 188263/- | 1063445/- | 1251708/- | 1249715/- | 1,993/- |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 29733827/- | 29733827/- | 29733827/- | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) |
|---|---|
| തൊഴിൽരഹിത വേതനം | 636890/- |
| കർഷകതൊഴിലാളി പെൻഷൻ | 4185500/- |
| വിധവാപെൻഷൻ | 45032100/- |
| വാർദ്ധക്യകാലപെൻഷൻ | 82990300/- |
| വികലാംഗപെൻഷൻ | 14562800/- |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.01.2023 11.55 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ

നടത്തുകയുണ്ടായി. പരിശോധനയിൽ 5003/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുകൾ സാംഖ്യ രസീതി നൽകി സ്വീകരിക്കുന്നു. സ്വീകരിക്കുന്ന തുകകൾ ശരിയായി അക്കൌണ്ട് ചെയ്യുന്നുണ്ട്. ദൈനംദിന വരവ് ചെലവ് കണക്കുകളുടെ പരിപാലനത്തിലും വാർഷിക ധനകാര്യപത്രിക തയ്യാറാക്കിയിരിക്കുന്നതിലും അപാകതകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി നികുതികൾ കൃത്യമായി ഈടാക്കേണ്ടതുണ്ട്. പഞ്ചായത്തിന്റെ പരിധിയിൽ പാർപ്പിടാവശ്യത്തിനായി നമ്പർ അനുവദിച്ചിട്ടുള്ള ആകെ കെട്ടിടങ്ങളുടെ എണ്ണം 19275 ആണ്. ഇതിൽ 14731 കെട്ടിടങ്ങൾക്ക് നികുതിഈടാക്കുന്നു. നികുതിയിൽനിന്ന് ഒഴിവാക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളുടെ കണക്കുകളുടെ വസ്തുതാപരമായ പുനപ്പരിശോധന നടത്തേണ്ടതാണ്.

കരാർ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയവരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

2021-22 വർഷത്തിൽ വിവിധ വാർഡുകളിലായി 21 തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കൽ പ്രവൃത്തികൾ (20.66ഹെക്ടർ) ഏറ്റെടുത്ത് നടപ്പിൽ വരുത്തിയിട്ടുണ്ട്. ഈ ഇനത്തിൽ ആകെ 3765391/- രൂപ ചെലവഴിച്ചു. ഭൂമി കൃഷിയോഗ്യമാക്കുന്നതിനു മുന്നോടിയായി ഭൂവുടമകളിൽനിന്നും പ്രസ്തുത ഭൂമിയിൽ നിശ്ചിത കൃഷി നടത്തുന്നതാണെന്ന് രേഖാമൂലം ഉറപ്പുവാങ്ങിയില്ല. 2021-22 വർഷം പഞ്ചായത്ത് തലത്തിൽ കൃഷി ഓഫീസറുടെ നിർവ്വഹണാധികാരത്തിൽ യാതൊരുവിധത്തിലുമുള്ള തരിശുഭൂമി കൃഷി പദ്ധതിയും ഏറ്റെടുത്തിട്ടില്ല എന്ന് രേഖകൾ വ്യക്തമാക്കുന്നു. ആയതുകൊണ്ടുതന്നെ തരിശുഭൂമി കൃഷിയോഗ്യമാക്കൽ പ്രവൃത്തികൾക്ക് ശേഷം പ്രസ്തുത ഭൂമിയിൽ ഏതെങ്കിലും തരത്തിലുള്ള കൃഷി നടന്നതായി രേഖയില്ല. പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ടും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട പ്രോജക്ടുകളിൽ വലിയ പങ്ക് നടപ്പിലാക്കാതെ ഉപേക്ഷിച്ചിട്ടുണ്ട്. വകയിരുത്തപ്പെട്ടതിൽ 45.51% തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. പദ്ധതി നിർവ്വഹണത്തിന് തടസ്സമാകുന്ന സാഹചര്യങ്ങൾ പരിശോധിച്ച് പരിഹാരമാർഗ്ഗങ്ങൾ കാണേണ്ടതാണ്. മരാമത്ത് പ്രവൃത്തികൾ സംബന്ധമായ രേഖകൾ തയ്യാറാക്കുന്നതിലും സൂക്ഷിക്കുന്നതിലും ഗുരുതരമായ കൃത്യവിലോപമുണ്ടായിട്ടുണ്ട്.

ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച്, നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നിർവ്വഹിക്കുന്നതിന് ഗ്രാമപഞ്ചായത്തിൽ ആഭ്യന്തരനിയന്ത്രണ സംവിധാനം നിലനിൽക്കുന്നു എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഒഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.11.2022 To 17.11.2022 | 07/22 To 09/22 | 30/12/2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 31.03.2019 | 2018-19 | 08.08.2019 |

## 1-11 തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല.

ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതിപത്രികകൾ, ഡി.സി.ബി. രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ചില സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തൊഴിൽ നികുതി | | |
|---|---|---|
| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
| 1 | സ്പന്ദന മൂർത്തി ഫിനാൻസ് ലിമിറ്റഡ് | II |
| 2 | സപ്ലൈകോ മെഡിക്കൽ സ്റ്റോർ | I&II |
| 3 | മാക്സ് വാല്യൂ ക്രഡിറ്റ് & ഇൻവസ്റ്റ്മെന്റ്, പാരിപ്പള്ളി | II |

| സ്ഥാപന തൊഴിൽ നികുതി | | |
|---|---|---|
| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
| 1 | കരുണ സെൻട്രൽ സ്കൂൾ | I&II |
| 2 | ക്വയിലോൺ ഫുഡ്സ് പ്രൈവറ്റ് ലിമിറ്റഡ് | I&II |
| 3 | ഡി.ഡി.ആർ.സിയ എസ്.ആർ.എൽ ഡയഗനോസ്റ്റിക് സെന്റർ | I&II |
| 4 | ഡോ.ഗിരിജ ഡയഗനോസ്റ്റിക് ലബോറട്ടറി & സ്കാൻ | I&II |
| 5 | സപ്ലൈകോ പാരിപ്പള്ളി | I |
| 6 | കല്ല്യാൺ ജൂവലറി | I |
| 7 | ലക്ഷ്മി ഹോട്ടൽ | II |
| 8 | ഹോട്ടൽ രാജ് റെസിഡൻസി | II |
| 9 | മഹേഷ് ഹോസ്പിറ്റൽ, കല്ലുവാതുക്കൽ | I&II |
| 10 | വിമലാ മിഷൻ ഹോസ്പിറ്റൽ | I&II |
| 11 | സ്പന്ദന മൂർത്തി ഫിനാൻസ് ലിമിറ്റഡ് | II |
| 12 | മാക്സ് വാല്യൂ ക്രഡിറ്റ് & ഇൻവസ്റ്റ്മെന്റ്, പാരിപ്പള്ളി | II |

മേൽ വിഷയങ്ങൾ ചൂണ്ടിക്കാട്ടി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നല്കിയിട്ടില്ല. തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഒടുക്കു വരുത്തുന്നതിൽ വീഴ്ച വരുത്തുന്ന സ്ഥാപനങ്ങളിൽ നിന്നും തുക ഈടാക്കി ഒടുക്കു വരുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.3/13.01.23

1-12 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ: മുൻകൂർ ക്രമീകരിച്ചതിന്റെ രേഖയില്ല 50000/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

'കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് മുൻകൂർ' എന്ന ഇനത്തിൽ സെൽഫ് ചെക്ക് ആയി 50,000/-രൂപ സെക്രട്ടറി പിൻവലിച്ച കാണുന്നു. ചെക്ക് നമ്പർ 208227/12.5.21,(വൗച്ചർ നമ്പർ:22100197/14.5.21). മുൻകൂർ ക്രമീകരണം നടത്തിയതിന്റെ വൗച്ചർ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (No.20/18.1.23) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെ അഭാവത്തിൽ സെക്രട്ടറി സെൽഫ് ചെക്കായി പിൻവലിച്ച 50,000/- രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

കേരള ഫിനാൻഷ്യൽ കോഡ് വാല്യം1-ആർട്ടിക്കിൾ 99, GO(P)No 419/11 Fin Dtd.4.10.2011 എന്നിവ

പ്രകാരം ഏതൊരു മുൻകൂറും 3മാസ കാലാവധിക്കുള്ളിൽ ചെലവ് രേഖകൾ ഹാജരാക്കി ക്രമീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം 18% പലിശ ക്രമീകരണം വൈകുന്ന കാലയളവിലേക്ക് ഈടാക്കേണ്ടതാണ്. ചട്ടപ്രകാരമുള്ള പലിശ സഹിതം 50,000/-രൂപയുടെ മുൻകൂർ ക്രമീകരണത്തിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ രേഖാമൂലം അറിയിക്കേണ്ടതുമാണ്.

### 1-13 പാരിപ്പള്ളി കംഫർട്ട് സ്റ്റേഷൻ ലേലത്തുക പൂർണ്ണമായി ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ ലേല രജിസ്റ്റർ പരിശോധിച്ചതിൻ പ്രകാരം 27.03.2021 ൽ നടന്ന പുനർലേലത്തിലൂടെ പാരിപ്പള്ളി കംഫർട്ട് സ്റ്റേഷന്റെ കുത്തകാവകാശം 153500/-രൂപയ്ക്ക് നേടിയെടുത്ത ശ്രീ.രാജു ഉണ്ണിത്താൻ ( കിഴക്കേവിള വീട്, കോട്ടയ്ക്കേറം, പാരിപ്പള്ളി) എന്ന വ്യക്തിയ്ക്ക് കൊവിഡ് സാഹചര്യം പരിഗണിച്ച് 17.11.2021 ലെ 10(1) നം കമ്മിറ്റി തീരുമാന പ്രകാരം ലേലത്തുകയുടെ 1/3 ഭാഗം ഇളവ് നൽകി ബാക്കിത്തുകയായ 102334/-രൂപ കിസ്ത തുകയായി ഒടുക്കവരുത്തുവാൻ അനുവദിച്ചതിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നിരതദ്രവ്യമായി ഒടുക്കിയ 10000/-രൂപയ്ക്ക് (27.3.21 ലെ 120040108107 നം. രസീത് പ്രകാരം) പുറമേ 45000/-രൂപയടക്കം (23.4.21 ലെ 21040100474-ാം നം രസീതു പ്രകാരം) ആകെ 55000/-രൂപ മാത്രമാണ് ടി വ്യക്തിയിൽ നിന്നും ഈടാക്കിയിട്ടുള്ളത്. ടി 45000/-രൂപയോടൊപ്പം ജി.എസ്.റ്റി, ഫ്ലഡ് സെസ്സ് എന്നിവ ഈടാക്കിയതിന്റെ വിവരങ്ങൾ, ലേല ഡയറിയിൽ രേഖപ്പെടുത്തിയിട്ടില്ല. ഈ വിഷയത്തിന്മേൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയില്ല. കിസ്ത തുക ഇനത്തിൽ ഈടാക്കേണ്ട 47334/-രൂപയും ജി.എസ്.റ്റി ഇനത്തിൽ ഈടാക്കേണ്ട തുകയും പിഴ പലിശയും ഉൾപ്പെടെ മുഴുവൻ തുകയും ടി വ്യക്തിയിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിച്ച് പരാമർശം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം - 15/18.01.23

### 1-14 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല ചെലവ് തുക തടസ്സപ്പെടുത്തുന്നു

2021-22 വർഷം സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പദ്ധതികൾക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതി, നം. | അടങ്കൽ തുക (₹) | ചെലവ് തുക (₹) | ബിൽ നം/തീയതി | റിമാർക്ക്സ് |
|---|---|---|---|---|---|
| 1. | ജലജീവൻ മിഷൻ (നം.259/22) SO | 1391250/-(വികസന ഫണ്ട്) 12,80,000/-(മറ്റുള്ളവ) | 641250/- | (ബിൽ നം.20/22.10.21) | കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്കു വരുത്തി. |
| 2. | പാമ്പുറം വാർഡിൽ പൈപ്പ് ലൈൻ നീട്ടൽ (157/22) | 169000/- (CFC ഫണ്ട്) &431000/-(തനത് ഫണ്ട്) | 6,00,000/- | 169000/-(R032204092981/ 25.3.22) & 431000/-(5299005 /25.3.22) | കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്കു വരുത്തി. |
| 3. | വിവിധ വാർഡുകളിൽ കുടിവെള്ള പദ്ധതി (178/22) | 2900000/- (CFC ഫണ്ട്) &2621675/-(തനത് ഫണ്ട്) | 1511000/- | 40/22.3.22 | കേരള ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ ഒടുക്കു വരുത്തി. |

| | | | | | |
|---|---|---|---|---|---|
| 4 | വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ (152/22) | 500000/- (CFCഫണ്ട്) | 499532/- | R042200647318/ 31.3.22 | KSEBയിൽ ഒടുക്കു വരുത്തി. |
| 5. | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (151/22) | 305000/- (CFC ഫണ്ട്) | 302194/- | R032202832414/ 18.3.22 | KSEBയിൽ ഒടുക്കു വരുത്തി. |
| | | ആകെ | 35,53,976/- | | |

വിശദമായ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.
തടസ്സപ്പെടുത്തിയ തുക-35,53,976/-രൂപ.
ഓഡിറ്റ് എൻക്വയറി നം.8/16.01.23

1-15 റോഡ് വശങ്ങളിലെ വൃക്ഷങ്ങൾ മുറിച്ചുമാറ്റൽ - രേഖകളുടെ അഭാവത്തിൽ 47000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

വൗച്ചർ നമ്പർ : 22100492/27.8.21, (ബിൽ നമ്പർ : 52100493/19.8.21) പ്രകാരം റോഡ് വശങ്ങളിൽ അപകടകരമായി നിന്ന് വൃക്ഷങ്ങൾ മുറിച്ചുമാറ്റിയതിന്റെ ചെലവിനത്തിൽ 47000/- രൂപ പിൻവലിച്ചിട്ടുണ്ട്.

ശ്രീ. വേണു എന്ന വ്യക്തിയുടെ കൈപ്പറ്റ് രസീത് വൗച്ചറിനൊപ്പം സൂക്ഷിച്ചിട്ടുണ്ട്. ഏതൊക്കെ പ്രദേശങ്ങളിൽ നിന്ന് ഏതൊക്കെ തരം വൃക്ഷങ്ങൾ മുറിച്ചു, എത്രയെണ്ണം വൃക്ഷങ്ങൾ മുറിച്ചു, മുറിച്ചുമാറ്റിയ വൃക്ഷങ്ങളുടെ തടി എന്ത് ചെയ്തു എന്നീ വിവരങ്ങൾ വ്യക്തമാക്കുന്ന രേഖകൾ ഒന്നും തന്നെ ഫയലിൽ സൂക്ഷിച്ചിട്ടില്ല. 47,000/-രൂപയുടെ ചെലവ് കണക്കാക്കിയിരിക്കുന്നതിന്റെ അടിസ്ഥാനവും വ്യക്തമല്ല. വിശദാംശങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 20(3)/18.1.23) മറുപടിയും ലഭ്യമാക്കിയിട്ടില്ല. മേൽ വിഷയങ്ങളിൽ വിശദീകരണം രേഖാമൂലം ലഭ്യമാക്കേണ്ടതാണ്.
47000/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

1-16 അസിസ്റ്റന്റ് എൻജിനീയർക്ക് വാഹനം വാടകയ്ക്ക് - രേഖകളുടെ അഭാവത്തിൽ 13130/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

പ്രോജക്ട് നമ്പർ. SO 315/22 അസിസ്റ്റന്റ് എൻജിനീയർക്ക് വാഹനം വാടകയ്ക്ക് .
അടങ്കൽ തുക - ₹30000/-(തനത് ഫണ്ട്)
ചെലവ് – ₹13130/-(ചെക്ക് നം.600310/15.1.22
നിർവ്വഹണാധികാരി – അസി.എഞ്ചിനീയർ
പദ്ധതി പ്രകാരം പ്രതിമാസം 1000 കിലോമീറ്ററിന് 21,000/- രൂപ നിരക്കിൽ കരാർ അടിസ്ഥാനത്തിൽ വാടകയ്ക്ക് എടുത്തിരുന്ന KL 01CB-7618 നമ്പരായ വാഹനം കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 21.11.20 എഫ് .415/20, 16.12.20ലെ എഫ്. 415/20 എന്നീ ഉത്തരവുകൾ പ്രകാരം തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പ് ഉപവരണാധികാരി ആയിരുന്ന പരവൂർ എംപ്ലോയ്മെന്റ് ഓഫീസർക്ക് 23.11.20മുതൽ 31.12.20 വരെ കാലയളവിലേക്ക് വിട്ടു നൽകാൻ ഉത്തരവായിട്ടുണ്ട്. വാഹന ഉടമയുമായി അസിസ്റ്റന്റ് എൻജിനീയർ ഉണ്ടാക്കിയിട്ടുള്ള കരാർ പ്രകാരം (കരാർ നം.36/AE/LSGD/KVKL/20-21 /4.9.20) മൂന്നുമാസം വാഹനം ഓടിയ ആകെ ദൂരം 3000 കിലോമീറ്ററിൽ കൂടുതൽ വരുന്ന പക്ഷം അത്തരത്തിൽ അധികമായി വരുന്ന കിലോമീറ്ററിന് 20/- രൂപ നിരക്കിൽ അധിക തുക നൽകേണ്ടതുണ്ട്. ഇത്തരത്തിൽ 11/20, 12/20, 1/21 എന്നീ മാസങ്ങളിൽ ആകെ 3000ത്തിൽ അധികം ഓടിയ കിലോമീറ്റർ കണക്കാക്കി നൽകിയിരിക്കുന്ന തുകയാണ് 13130/- രൂപ

പദ്ധതി ചെലവ് സംബന്ധമായി ചുവടെ ചേർക്കുന്ന അപാകതകൾ ഓഡിറ്റ് നിരീക്ഷിക്കുന്നു.

1. പരാമർശ വാഹനത്തിന്റേത് എന്ന നിലയിൽ ഒരു ലോഗ് ബുക്ക് ഓഡിറ്റിന് ഹാജരാക്കിയെങ്കിലും ആയത് പ്രസ്തുത വാഹനത്തിന്റേതാണെന്ന് ലോഗ് ബുക്കിലെവിടെയും രേഖപ്പെടുത്തിയിട്ടില്ല.

2. 23.11.20 മുതൽ 31.12.20 വരെ കാലയളവിൽ വാഹനം തെരഞ്ഞെടുപ്പ് സംബന്ധമായി വിട്ടു നൽകാൻ സെക്രട്ടറി ഉത്തരവായിട്ടുണ്ട് എങ്കിലും തെരഞ്ഞെടുപ്പ് വരണാധികാരി പ്രസ്തുത കാലയളവിലേക്ക് വാഹനം ഏറ്റെടുത്തതായോ തിരികെ ഏൽപ്പിച്ചതായോ ഉള്ള സാക്ഷ്യപ്പെടുത്തലുകൾ മേൽ പരാമർശിച്ച ലോഗ് ബുക്കിൽ ഇല്ല. കൂടാതെ അസിസ്റ്റന്റ് എൻജിനീയർ ഉൾപ്പെടെയുള്ള ജീവനക്കാർ പ്രസ്തുത കാലയളവിൽ വാഹനം വിനിയോഗിച്ചിട്ടുള്ളതായാണ് ലോഗ്ബുക്കിലെ രേഖപ്പെടുത്തലുകൾ പ്രകാരം കാണുന്നത്.

3. ഓഡിറ്റിന് ഹാജരാക്കിയ ലോഗ് ബുക്കിൽ വാഹനം പ്രതിമാസം ഓടിയ ദൂരം ആരും തന്നെ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതുകൊണ്ട് തന്നെ അധിക തുക കണക്കാക്കിയിരിക്കുന്നതിന്റെ കൃത്യത ഉറപ്പുവരുത്താൻ കഴിയുന്നില്ല.

അപാകതകൾ ചൂണ്ടിക്കാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8/16.1.23) മറുപടിയായി ഗ്രാമപഞ്ചായത്ത് എൻജിനീയറിങ് വിഭാഗം ഉപയോഗിച്ചിരുന്ന വാഹനത്തിന്റെ ലോഗ് ബുക്ക് പദ്ധതി ചെലവ് സംബന്ധമായി ചുവടെ ചേർക്കുന്ന അപാകതകൾ ഓഡിറ്റ് നിരീക്ഷിക്കുന്നു.ആണ് ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളത് എന്നും കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 15.3.21 ലെ 20/2 തീരുമാനപ്രകാരമാണ് 11/20, 12/20, 1/21 മാസങ്ങളിൽ വാഹനം ഓടിയ ദൂരം ഒരുമിച്ച് കണക്കിലെടുത്ത് തുക നൽകിയിട്ടുള്ളതെന്നും പഞ്ചായത്ത് എൻജിനീയറിങ് വിഭാഗം മുൻ ക്ലർക്ക് ശ്രീമതി. ബിജിന ബീഗം നിലവിലെ അസിസ്റ്റന്റ് എൻജിനീയർ മുഖേന വിശദീകരണം ലഭ്യമാക്കി.

ലോഗ് ബുക്കിൽ ക്ഷമതയുള്ള ഉദ്യോഗസ്ഥരുടെ സാക്ഷ്യപ്പെടുത്തലുകൾ ഇല്ലാത്തതിനാലും, അധിക നിരക്ക് കണക്കാക്കുന്നതിന് അടിസ്ഥാനമാക്കിയ കാലയളവിൽ വാഹനം ആരൊക്കെ ഉപയോഗിച്ചു എന്നതിൽ രേഖപ്പെടുത്തലുകളില്ലാത്തതിനാലും മേൽ വിശദീകരണം ഓഡിറ്റ് അംഗീകരിക്കുന്നില്ല. 13130/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്ന് ഈടാക്കി ഒടുക്കു വരുത്തി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 8/16.01.2023

നിരാകരിച്ച തുക – ₹13,130/-

## 1-17 മാലിന്യ നിർമ്മാർജ്ജനം - രേഖകളുടെ അഭാവത്തിൽ 88,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പാരിപ്പള്ളി മാർക്കറ്റ്, കല്ലുവാതുക്കൽ മാർക്കറ്റ്, പാരിപ്പള്ളി ജംഗ്ഷൻ, കല്ലുവാതുക്കൽ ജംഗ്ഷൻ, പഞ്ചായത്ത് ഓഫീസ് പരിസരം എന്നിവിടങ്ങളിൽ നിന്നും 2021 നവംബർ 9, 10, 11 തീയതികളിൽ 16 ലോഡ് മാലിന്യങ്ങൾ ജെ സി ബി, ഹിറ്റാച്ചി എന്നിവ ഉപയോഗിച്ച് നിർമ്മാർജ്ജനം ചെയ്ത ഇനത്തിൽ ലോഡ് ഒന്നിന് 5500/-രൂപ നിരക്കിൽ (ക്വട്ടേഷൻ നിരക്ക്) 88000/-രൂപ ശ്രീ. സുജിത്ത്, കുന്നുവിള, ഏഴിപ്പുറം പാരിപ്പള്ളി എന്ന വ്യക്തിക്ക് നൽകിയിട്ടുണ്ട്. (ബിൽ നം.52100953/ 23.12.21). ചെലവ് സംബന്ധമായി ചുവടെ ചേർക്കുന്ന അപാകതകൾ ഓഡിറ്റ് നിരീക്ഷിക്കുന്നു.

1. നിർമ്മാർജ്ജനം ചെയ്ത മാലിന്യത്തിന്റെ അളവ്, ലോഡുകളുടെ എണ്ണം എന്നീ കാര്യങ്ങൾ പഞ്ചായത്തിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥർ (അസിസ്റ്റന്റ് എൻജിനീയർ, ഓവർസിയർ) സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട മേൽ പരാമർശിച്ച ചെലവ് തനിത് ഫണ്ടിൽ നിന്നും നിർവഹിക്കുന്നതിനും, 21-22 ലെ മാലിന്യം നീക്കം ചെയ്യലും മറവു ചെയ്യലും പദ്ധതിയിൽ (പ്രോജക്ട് നമ്പർ 330/22) വകയിരുത്തിയിരിക്കുന്ന തുകയിൽ നിന്നും ഇത്തരത്തിലുള്ള ചെലവ് തനത് ഫണ്ടിലേക്ക് റീക്കുപ്പ് ചെയ്യുന്നതിനും 18.11.21 ലെ 6(4) നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് ഭരണസമിതി സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പരാമർശ 330/22 നമ്പർ പ്രോജക്ടിൽ നിന്നും

തൻവർഷം ചെലവുകൾ ഒന്നും തന്നെ നടത്തിയിട്ടില്ല. ഇതിൽ നിന്നും തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച 88,000/- രൂപ റീക്രൂപ്പ് ചെയ്യപ്പെട്ടിട്ടില്ല എന്ന് വ്യക്തമാകുന്നു.

അപാകതകൾക്ക് മേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20(4)/18.1.23) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മേൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

രേഖകളുടെയും വിശദീകരണങ്ങളുടെയും അഭാവത്തിൽ 88000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

1-18 പദ്ധതി പണം ചെലവഴിച്ചെങ്കിലും മരുന്നുകളും ഉപകരണങ്ങളും ലഭ്യമായിട്ടില്ല.

മെഡിക്കൽ ഓഫീസർ സി.എച്ച്.സി, മെഡിക്കൽ ഓഫീസർ ഹോമിയോ എന്നിവരുടെ നിർവഹണാധികാരത്തിൽ നടപ്പിലാക്കിയ വിവിധ മരുന്നു വാങ്ങൽ/കംപ്യൂട്ടർ വാങ്ങൽ പദ്ധതികൾ പ്രകാരം കെ.എം.എസ്.സി.എൽ, ഹോംകോ, കെൽട്രോൺ എന്നീ സ്ഥാപനങ്ങൾക്ക് മുൻകൂറായി തുക നൽകിയെങ്കിലും നാളിതുവരെ മരുന്നുകളും കംപ്യൂട്ടറുകളും പൂർണ്ണമായും ലഭിച്ചിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1-18-1 മെഡിക്കൽ ഓഫീസർ സി.എച്ച്.സി യുടെ നിർവ്വഹണത്തിലുള്ള പദ്ധതികൾ : 465695/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| ക്രമ നം. | പ്രോജക്റ്റ് /ഫണ്ടിനം. | പിൻവലിച്ച തുക/ ബിൽ നം., തീയതി. (മരുന്ന്/ഉപക രണങ്ങൾ ലഭിക്കാൻ ബാക്കിയുള്ള ബില്ലുകൾ) | ആർക്ക് നൽകി എന്ന് | ലഭിച്ച മരുന്നുകളുടെ/ ഉപകരണങ്ങളുടെ വില (₹) | ലഭിയ്ക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ/ ഉപകരണങ്ങളുടെ വില (₹) |
|---|---|---|---|---|---|
| 1 | പ്രോജക്റ്റ് നം-82/22, ജീവിതശൈലി രോഗങ്ങൾക്കുള്ള മരുന്നുകൾ, അടങ്കൽ-5,00,000/-രൂപ മെയിന്റനൻസ് ഫണ്ട്(റോഡിതരം) | 500000/- 9/8.7.21 | കെ.എം.എസ്.സി.എൽ | 402317/- | 97683/- |
| 2 | പ്രോജക്റ്റ് നം-88/22, പി.എച്ച്.സിയ്ക്ക് മരുന്നു വാങ്ങൽ അടങ്കൽ- 5,00,000/-രൂപ മെയിന്റനൻസ് ഫണ്ട്(റോഡിതരം) | 500000/- 7/8.7.21 | കെ.എം.എസ്.സി.എൽ | 466401/- | 33599/- |
| 3 | പ്രോജക്റ്റ് നം-81/22, സാന്ത്വന പരിചരണ പരിപാടി, അടങ്കൽ 12,00,000/-രൂപ വികസന ഫണ്ട്(ജനറൽ) | 699240/- 8/8.7.21<br>58954/- 50/29.3.22 | കെ.എം.എസ്.സി.എൽ | 710589/- | 47605/- |

| | | | | | |
|---|---|---|---|---|---|
| | (ആകെ ചെലവ്-1196554/-രൂപ) | | | | |
| 4 | പ്രോജക്റ്റ് നം-89/22, അറുപതുവയസിനു മുകളിൽ പ്രായമുള്ളവർക്ക് മരുന്ന് വാങ്ങൽ അടങ്കൽ-8,00,000/-രൂപ വികസന ഫണ്ട് (ജനറൽ) | 800000/- 6/8.7.21 | കെ.എം.എസ്.സി.എൽ | 632583/- | 167417/- |
| 5 | പ്രോജക്റ്റ് നം-106/22, പി എച്ച് സി യ്ക്ക് കംപ്യൂട്ടർ അടങ്കൽ-120600/-രൂപ മെയിന്റനൻസ് ഫണ്ട് (റോഡിതരം) ആകെ ചെലവ്-119391/-രൂപ | 119391/- 53/30.3.22 | കെൽട്രോൺ | ഇല്ല | 119391/- |
| | | | | ആകെ | 465695/- |

മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച തുടർനടപടികളുടെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ലഭ്യമാക്കാൻ അവശേഷിക്കുന്ന മരുന്നുകളുടേയും കംപ്യൂട്ടറുകളുടെയും വിലയായ 465695/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.മരുന്നുകളും കംപ്യൂട്ടറുകളും ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ.4/13.01.23
തടസ്സപ്പെടുത്തിയ തുക-465695/- രൂപ

### 1-18-2 മെഡിക്കൽ ഓഫീസർ ഹോമിയോയുടെ നിർവ്വഹണാധികാരത്തിലുള്ള പദ്ധതികൾ : 172778/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

മെഡിക്കൽ ഓഫീസർ ഹോമിയോയുടെ നിർവ്വഹണാധികാരത്തിൽ 2021-22 വർഷം നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പദ്ധതികൾ പ്രകാരം തുക മുൻകൂറായി നൽകിയിട്ടും മരുന്നുകൾ പൂർണമായും ലഭ്യമായിട്ടില്ല എന്ന് ഓഡിറ്റിന് ഹാജരാക്കിയ രേഖകളിൽനിന്നും വ്യക്തമാകുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം./ഫണ്ടിനം. | പിൻവലിച്ച തുക ((₹)/ ബിൽ നം., തീയതി. | ആർക്ക് നൽകി എന്ന് | ലഭിച്ച മരുന്നുകളുടെ വില (₹) | ലഭിയ്ക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ വില (₹) |
|---|---|---|---|---|---|
| 1 | 110/22,ഹോമിയോ മരുന്നുകളും അനുബന്ധ ഇനങ്ങളും വാങ്ങൽ അടങ്കൽ-5,00,000/-രൂപ മെയിന്റനൻസ് ഫണ്ട്(റോഡിതരം) | 500000/- 1/26.8.21 | HOMCO | 344527/- | 155473/- |
| 2 | 111/22,ആയുർവ്വേദാശുപത്രിക്ക് മരുന്ന്. അടങ്കൽ-5,00,000/-രൂപ | 500000/- 2/26.8.21 | ഔഷധി | 532695/- | 17305/- |

| | | | | |
|---|---|---|---|---|
| | മെയിന്റനൻസ് ഫണ്ട്(റോഡിതരം) | | | |
| 3 | 132/22, അരികെ-പാലിയേറ്റീവ് രോഗികൾക്ക് ആയുർവ്വേദ മരുന്ന്. അടങ്കൽ-50,000/-രൂപ<br>വികസന ഫണ്ട്(ജനറൽ) | 50000/-<br>5/26.8.21 | ഔഷധി | |

മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച തുടർനടപടികളുടെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ലഭ്യമാക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ വിലയായ 172778/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകളും ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ.5/13.01.23
തടസ്സപ്പെടുത്തിയ തുക-172778 /- രൂപ

1-19 മരാമത്ത് പ്രവർത്തികൾ:രേഖകൾ സൂക്ഷിക്കുന്നതിൽ ഗുരുതരമായവീഴ്ച

മരാമത്ത് പ്രവർത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ മിക്ക ഫയലുകളിലും കരാറുകാരനുമായി കരാർ പത്രത്തിൽ ഒപ്പുവെച്ച് കരാർ ചമയ്ക്കാതെയും, നിർമ്മാണ പ്രവർത്തനം നടത്താനുള്ള സ്ഥലം കരാറുകാരന് രേഖാമൂലം കൈമാറാതെയും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയതായി കാണുന്നു. ടെൻഡർ ഫോറത്തിന്റെ വില,വിലയീടാക്കിയതിന്റെ രസീത് നമ്പർ എന്നിവ ഒരു മരാമത്ത് പ്രവൃത്തിഫയലിലും അതാത് ടെൻഡർ ഫോമുകളിൽ രേഖപ്പെടുത്തിയിരുന്നില്ല. ഓഡിറ്റിൽ ചൂണ്ടിക്കാണിച്ച ശേഷം മാത്രമാണ് ഈ അപാകത പരിഹരിച്ച് ഫയലുകൾ ഹാജരാക്കിയത്. മിക്ക ഫയലുകളിലും പ്രവൃത്തിയുടെ പൂർത്തീകരണ തീയതി അസിസ്റ്റന്റ് എൻജിനീയർ രേഖപ്പെടുത്തി സാക്ഷ്യപത്രം വച്ചിട്ടില്ല. മരാമത്ത് പ്രവൃത്തിയുടെ എം.ബുക്കിലോ, ഫയലിലോ പ്രവർത്തിക്ക മേൽനോട്ടം വഹിച്ച സൈറ്റ് സൂപ്പർവൈസറുടെ 'സൂപ്പർ വിഷൻ സർട്ടിഫിക്കറ്റ് 'ചേർത്തിട്ടില്ല. ഇതുമൂലം സൈറ്റ് സൂപ്പർവിഷൻ ചുമതല നിർവഹിച്ചത് ആരാണ് എന്ന് അറിയാൻകഴിയുന്നില്ല.
മേൽ പരാമർശിച്ച അപാകതകൾ ഉൾക്കൊള്ളുന്ന ഏതാനും ഫയലുകളുടെ പട്ടിക ഉദാഹരണമായി ചുവടെ ചേർക്കുന്നു.
1. പ്രോജക്ട് നമ്പർ 154/22-കഴുത്തു മൂടിയേല 88-ാം നമ്പർ അംഗനവാടി റോഡ് നവീകരണം, വാർഡ് 11.
2. പ്രോജക്ട് നമ്പർ 276/72 പാറയിൽ ജംഗ്ഷൻ കുന്നത്തുർ ഏലാ റോഡ്.
3. പ്രോജക്ട് നമ്പർ 278/22 ചാവേരമ്പലം പുലിക്കുഴി റോഡ് പുനരുദ്ധാരണം.
4. പ്രോജക്ട് നമ്പർ 164/22 കുന്നത്തുർ റോഡ് കോൺക്രീറ്റ്.
5. പ്രോജക്ട് നമ്പർ 160/22 അക്കാദമി ട്രാൻസ്ഫോർമർ റോഡ് പുനരുദ്ധാരണം.
അപാകതകൾക്കു മേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/16.1.23) മറുപടിയായി പ്രവർത്തന ബാഹുല്യവും, ജോലിത്തിരക്കും മൂലം പൂർണ്ണമായും ശ്രദ്ധ ചെലുത്താൻ കഴിഞ്ഞില്ല എന്നും, അപാകതകൾ ഒഴിവാക്കാൻ ഇനിമേൽ ശ്രദ്ധിക്കുന്നതാണ് എന്നും കല്ലുവാതുക്കൽ പഞ്ചായത്തിലെ എൻജിനീയറിങ് വിഭാഗം മുൻ ക്ലർക്ക് ആയിരുന്ന ശ്രീമതി ബിജിനാ ബീഗം നിലവിലെ അസിസ്റ്റന്റ് എൻജിനീയർ മുഖേന വിശദീകരണം സമർപ്പിച്ചു.
കരാർ പത്രത്തിൽ കരാറുകാരന്റെ ഒപ്പു വാങ്ങി കരാർ ചമയ്ക്കാതെയും, നിശ്ചിത ഫോറത്തിൽ തീയതി രേഖപ്പെടുത്തി കരാറുകാരന്റെ ഒപ്പ് വാങ്ങി നിർമ്മിതിക്കുള്ള സ്ഥലം കൈമാറ്റം നടത്താതെയും,മരാമത്ത് പ്രവർത്തികളുടെ അളവ് രേഖപ്പെടുത്തിയിരിക്കുന്ന എം.ബുക്കിൽ സൈറ്റ് സൂപ്പർവിഷൻ സർട്ടിഫിക്കറ്റ് രേഖപ്പെടുത്താതെയും ഫയലുകൾ സൂക്ഷിച്ചിരിക്കുന്നതിൽ നിന്നും ബന്ധപ്പെട്ട ജീവനക്കാരുടെ ഭാഗത്തുനിന്നും ഗുരുതരമായ കൃത്യവിലോപം ഉണ്ടായിട്ടുള്ളതായി ഓഡിറ്റ് നിരീക്ഷിക്കുന്നു. അപാകതകൾ ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. അപാകതകൾക്ക് മേൽ ബന്ധപ്പെട്ട അസിസ്റ്റന്റ്

എൻജിനീയറിൽനിന്നും വിശദീകരണം വാങ്ങി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-20 തെരുവ് വിളക്ക് പരിപാലനം - അനർഹമായി വാഹന വാടക നൽകി - ചെലവ് തുക നിരാകരിക്കുന്നു.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പദ്ധതി | തെരുവ് വിളക്ക് പരിപാലനം (നം.153/22) |
| അടങ്കൽ തുക | ₹10,00,000/-(CFC ഫണ്ട്)<br>₹1,60,000/- (തനത് ഫണ്ട്) |
| ചെലവ് തുക | ₹6,99,602/- (CFC ഫണ്ട്)<br>₹1,03,198/- (തനത് ഫണ്ട്) |

തെരുവ് വിളക്ക് പരിപാലനത്തിൽ ടെണ്ട ർ വിളിച്ചതിൽ വിഷ്ണു വി, ധന്യ ഭവൻ, നടയ്ക്കൽ എന്ന വ്യക്തിയുടെ ടെണ്ടർ പോസ്റ്റ് ഒന്നിന് 52.50/- രൂപ നിരക്കിലും വാഹന വാടക നെഗോഷ്യേറ്റ് ചെയ്ത് 700/- രൂപ നിരക്കിലും 6.7.21 ലെ1(1)_ തീരുമാന പ്രകാരം അംഗീകരിച്ച് നൽകി.

വാഹന വാടക നൽകിയ ചെലവ് വിവരം പരിശോധിച്ചതിൽ 24.9.21, 3.10.21, 12.10.21 തീയതികളിൽ യഥാക്രമം 19, 4, 22 എന്നീ വാർഡുകളിൽ ഒരു ദിവസം മാത്രമേ വാഹനം ഉപയോഗിച്ച് അറ്റകുറ്റപ്പണി നടത്തിയിട്ടുള്ളുവെങ്കിലും രണ്ട് ദിവസം വീതം വാഹന വാടക അനുവദിച്ച് നൽകിയിരിക്കുന്നു. ഈയിനത്തിൽ ആകെ 2100/- രൂപ അധികം അനുവദിച്ചിട്ടുണ്ട്. (ചെലവ് തുക-116182-PFMSRO42200149205/30.3.22)

അധികം അനുവദിച്ച തുക തിരികെ ഈടാക്കി ഒടുക്കു വരുത്തി വിവരം അറിയിക്കേണ്ടതാണ്.

നിരാകരിച്ച തുക-2100/- രൂപ

ഓഡിറ്റ് എൻക്വയറി നം.-10/17.1.23

1-21 ലൈഫ് മിഷൻ ഭവന നിർമ്മാണം - തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ പണി പൂർത്തിയാക്കാൻ അവശേഷിക്കുന്നു

ലൈഫ് മിഷൻ ഭവന നിർമ്മാണം ജനറൽ & എസ്.സി.പി പദ്ധതി ഫയൽ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണത്തിനായി 2018-19 ൽ കരാറിലേർപ്പെട്ട് ആദ്യഗഡു കൈപ്പറ്റിയെങ്കിലും നാളിതുവരെയും ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ലെന്നു കണ്ടു.

| ക്രമ നം. | ഗുണഭോക്താക്കളുടെ പേര് വിവരം | കൈപ്പറ്റിയ തുക (രൂപ) |
|---|---|---|
| 1. | ദിനേശ് കുമാർ/കല<br>മിനി ഭവനം, വരിഞ്ഞം, കല്ലുവാതുക്കൽ (വാർഡ്-23) | 40,000/- 28.07.2018 |
| 2. | പത്മാവതി ഗോപാലകൃഷ്ണൻ<br>അർച്ചനാഭവൻ, കോട്ടക്കേറം, പാരിപ്പള്ളി (വാർഡ്-10) | 40,000/- 28.07.2018 |
| 3. | സൗദാമിനി<br>കുന്നത്തുവിള വീട്, കരിമ്പാലൂർ, പുത്തൻകുളം (വാർഡ്-17) | 40,000/-12.11.2018 |

മേൽ വ്യക്തികളെക്കൊണ്ട് ഭവന നിർമ്മാണം പൂർത്തീകരിപ്പിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അല്ലാത്തപക്ഷം തുക തിരികെ ഈടാക്കുന്നതാണെന്നും വി.ഇ.ഒ അറിയിച്ചിട്ടുണ്ട്. (മുൻ ഓഡിറ്റ് റിപ്പോർട്ടിലും മേൽ വിവരം സൂചിപ്പിച്ചിട്ടുണ്ട്.)

കൂടാതെ താഴെപ്പറയുന്ന വ്യക്തികൾ രണ്ട് ഗഡു വീതം തുക കൈപ്പറ്റിയിട്ടും വീട്ടുപണി പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം | ഗുണഭോക്താക്കളുടെ പേര് വിവരം | കൈപ്പറ്റിയ തുക (രൂപ) |
|---|---|---|

| | | |
|---|---|---|
| 1 | രജിതാ, കുന്നംപുറത്ത് ചരുവിളവീട്,വിളവൂർക്കോണം | 40000/- (13.03.19)<br>160000 (12.03.2020) |
| 2 | സുജിത്ത് ചെന്തിപ്പിൽ, കുന്നംപുറത്ത് | 40000/- (13.08.20)<br>160000 (08.02.2021) |

മേൽ വ്യക്തികളെക്കൊണ്ട് ഭവന നിർമ്മാണം പൂർത്തീകരിച്ച് ലൈഫ് മിഷൻ പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുടർന്നും വീടുപണി പൂർത്തീകരിക്കാത്ത പക്ഷം തുക ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

1-22 പാനൽ എൻജിനീയർമാർ മുഖേന നടത്തിയ ഇലക്ട്രിക്കൽ പ്രവൃത്തി-സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

പാനൽ എൻജിനീയർമാർ മുഖേന നടത്തിയ ഇലക്ട്രിക്കൽ പ്രവൃത്തി-സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി | | |
|---|---|---|---|
| പ്രോജക്റ്റ് നം | പഞ്ചായത്ത് ഓഫീസിലേയ്ക്ക് UPS വയറിംഗ്<br>(329/22) | പഞ്ചായത്ത് ഓഫീസിലേയ്ക്ക് ഇലക്ട്രിഫിക്കേഷൻ<br>(180/22) | പഞ്ചായത്ത് ഓഫീസ് നെറ്റ്‌വർക്കിംഗ്<br>(179/22) |
| അടങ്കൽ തുക | ₹120000/-<br>(തനത് ഫണ്ട്) | ₹ 300000/-<br>(തനത് ഫണ്ട്) | ₹ 200000/-<br>(തനത് ഫണ്ട്) |
| ചെലവഴിച്ച തുക | ₹101929/-<br>(225028/31.03.2022) | 294776/-<br>(5319875/15.11.2021) | 195935/-<br>(531988/04.01.2022) |

മേൽ മൂന്ന് പ്രവൃത്തികൾക്കുമായി എസ്റ്റിമേറ്റ് തയ്യാറാക്കിയത് എൽ.എസ്. ജി. ഡി ഇലക്ട്രിക്കൽ പാനൽ എൻജിനീയർ ശ്രീ രമണനും,പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയത് പാനൽ എൻജിനീയരായ സി. എം. ഷംസുദ്ദീൻകുഞ്ഞ് ആണ്.

1. പഞ്ചായത്ത് ഓഫീസിലേയ്ക്ക് UPS വയറിംഗ് (329/22)

ഗ്രാമപഞ്ചായത്ത് സെക്രട്ടറി നടത്തിയ ടെണ്ടർ നടപടിയിലൂടെ പ്രസ്തുത പ്രവൃത്തിക്ക് കരാർ ലഭിച്ച F1 സൊല്യൂഷൻസ് നിർവ്വഹിച്ച ഇലക്ട്രിക്കൽ പ്രവൃത്തികൾ പരിശോധിച്ച് ശ്രീ. രമണൻ നൽകിയ കമ്പ്ലീഷൻ സർട്ടിഫിക്കറ്റിന്റെയും സി. എം. ഷംസുദ്ദീൻ നടത്തിയ ചെക്ക് മെഷർമെന്റിന്റെയും അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി, കരാറുകാരന് ബിൽ തുകയായ 100225/- രൂപയുടെ 2.3% കുറവായ 97920/- രൂപ അനുവദിച്ചു. ടി ചെലവ് കൂടാതെ എസ്റ്റിമേറ്റ് തയ്യാറാക്കൽ, ടെണ്ടർ രേഖകൾ തയ്യാറാക്കൽ, സൂപ്പർവിഷൻ, ബിൽ തയ്യാറാക്കൽ എന്നിവയ്ക്കായി ബിൽ തുകയായ 100225/- രൂപയുടെ 3% തുകയായ 3007/-രൂപ ശ്രീ. രമണനും, ടെക്നിക്കൽ സാങ്ഷൻ റിപ്പോർട്ട് തയ്യാറാക്കൽ, ചെക്ക് മെഷർമെന്റ് എന്നിവയ്ക്കായി 1% തുക യായ 1002/- രൂപ ശ്രീ. സി. എം. ഷംസുദ്ദീൻ കുഞ്ഞിനും അനുവദിച്ചിട്ടുണ്ട്.

2. പഞ്ചായത്ത് ഓഫീസിലേയ്ക്ക് ഇലക്ട്രിഫിക്കേഷൻ (180/22)

ഗ്രാമപഞ്ചായത്ത് സെക്രട്ടറി നടത്തിയ ടെണ്ടർ നടപടിയിലൂടെ പ്രസ്തുത പ്രവൃത്തിക്ക് കരാർ ലഭിച്ച SwabhiTech നിർവ്വഹിച്ച ഇലക്ട്രിക്കൽ പ്രവൃത്തികൾ പരിശോധിച്ച് ശ്രീ. രമണൻ നൽകിയ കമ്പ്ലീഷൻ സർട്ടിഫിക്കറ്റിന്റെയും സി. എം. ഷംസുദ്ദീൻ നടത്തിയ ചെക്ക് മെഷർമെന്റിന്റെയും അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി, കരാറുകാരന് ബിൽ തുകയായ 286181/- രൂപയുടെ 1% കുറവായ 283319/- രൂപ അനുവദിച്ചു. ടി ചെലവ് കൂടാതെ എസ്റ്റിമേറ്റ് തയ്യാറാക്കൽ, ടെണ്ടർ രേഖകൾ തയ്യാറാക്കൽ,

സൂപ്പർവിഷൻ, ബിൽ തയ്യാറാക്കൽ എന്നിവയ്ക്കായി ബിൽ തുകയായ 286181/- രൂപയുടെ 3% തുകയായ 8585/-രൂപ ശ്രീ. രമണനും, ടെക്നിക്കൽ സാങ്ഷൻ റിപ്പോർട്ട് തയ്യാറാക്കൽ, ചെക്ക് മെഷർമെന്റ് എന്നിവയ്ക്കായി 1% തുക യായ 2862/- രൂപ ശ്രീ. സി. എം. ഷംസുദ്ദീൻ കുഞ്ഞിനും അനുവദിച്ചിട്ടുണ്ട്.

3. പഞ്ചായത്ത് ഓഫീസ് നെറ്റ് വർക്കിംഗ് (179/22)

ഗ്രാമപഞ്ചായത്ത് സെക്രട്ടറി നടത്തിയ ടെണ്ടർ നടപടിയിലൂടെ പ്രസ്തുത പ്രവൃത്തിക്ക് കരാർ ലഭിച്ച F1 സൊല്യൂഷൻസ് നിർവ്വഹിച്ച ഇലക്ട്രിക്കൽ പ്രവൃത്തികൾ പരിശോധിച്ച് ശ്രീ. രമണൻ നൽകിയ കമ്പ്ലീഷൻ സർട്ടിഫിക്കറ്റിന്റെയും സി. എം. ഷംസുദ്ദീൻ നടത്തിയ ചെക്ക് മെഷർമെന്റിന്റെയും അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി, കരാറുകാരന് ബിൽ തുകയായ 191492/- രൂപയുടെ 1.68% കുറവായ 188275/- രൂപ അനുവദിച്ചു. ടി ചെലവ് കൂടാതെ എസ്റ്റിമേറ്റ് തയ്യാറാക്കൽ, ടെണ്ടർ രേഖകൾ തയ്യാറാക്കൽ, സൂപ്പർവിഷൻ, ബിൽ തയ്യാറാക്കൽ എന്നിവയ്ക്കായി ബിൽ തുകയായ 191492/- രൂപയുടെ 3% തുകയായ 5745/-രൂപ ശ്രീ. രമണനും, ടെക്നിക്കൽ സാങ്ഷൻ റിപ്പോർട്ട് തയ്യാറാക്കൽ, ചെക്ക് മെഷർമെന്റ് എന്നിവയ്ക്കായി 1% തുക യായ 1915/- രൂപ ശ്രീ. സി. എം. ഷംസുദ്ദീൻ കുഞ്ഞിനും അനുവദിച്ചിട്ടുണ്ട്.

ഇതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ പാനൽ എൻജിനീയറിംഗ് വിഭാഗവും എൽ. എസ്. ജി. ഡി. വിഭാഗവും തമ്മിൽ കരാർ വച്ചതായി കാണുന്നില്ല. നടത്തിയ പ്രവൃത്തികൾ ഗ്രാമപഞ്ചായത്ത് മരാമത്ത് വിഭാഗം പരിശോധിച്ചിട്ടില്ല. കരാർ ഇല്ലാത്തതിനാൽ ശ്രീ. രമണനും, ശ്രീ. സി. എം. ഷംസുദ്ദീൻ കുഞ്ഞും ഹാജരാക്കിയ ബില്ലുകളുടെ സാധുത ബോധ്യപ്പെട്ടിട്ടില്ല. (ജി.എസ്.ടി.രജിസ്ട്രേഷൻ -ബിൽ നം./തീയതി ഇല്ല ). തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യു.) വകുപ്പിന്റെ 22.09.2015 ലെ സർക്കാർ ഉത്തരവ് (സാധാ) നം.2878/2015/ത.സ്വ.ഭ.വ ഉത്തരവിൽ ഗ്രാമപഞ്ചായത്തുകളിലെ ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുന്നതിനും പി.ഡബ്ല്യു.ഡി, കെ.എസ്.ഇ.ബി. എന്നിവിടങ്ങളിൽ നിന്നും വിരമിച്ച യോഗ്യരായ എൻജിനീയർമാരുടെ ഒരു പാനൽ എൽ.എസ്.ജി.ഡി. എക്സിക്യൂട്ടിവ് എൻജിനീയർ തയ്യാറാക്കേണ്ടതാണ് എന്നും ഈ പാനലിൽ നിന്നും ഒരു എൻജിനീയറെ തദ്ദേശ സ്വയംഭരണ സ്ഥാപനം തെരഞ്ഞെടുക്കേണ്ടതും പ്രസ്തുത വ്യക്തിയുമായി കരാറിൽ ഏർപ്പെടേണ്ടതുമാണെന്നും വ്യവസ്ഥ ചെയ്യുന്നു.

രേഖകൾ പരിശോധിച്ചതിൽ പാനൽ എൻജിനീയറെ തെരഞ്ഞെടുത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനം പ്രസ്തുത വ്യക്തിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. പാനൽ എൻജിനീയറിംഗ് വിഭാഗം മുഖേന പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് മുമ്പ് സർക്കാർ നിർദ്ദേശം പാലിച്ച് മാത്രമേ ചുമതലപ്പെട്ടവർ നടപടികൾ സ്വീകരിക്കാൻ പാടുള്ളൂ . നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദമായ പരിശോധന നടത്തുന്നതിന് ഓഡിറ്റ് ശിപാർശ ചെയ്യുന്നു. തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ഭരണ സമിതി, ജില്ലാ പഞ്ചായത്ത് എൽ. എസ്. ജി. ഡി. എക്സിക്യൂട്ടീവ് എൻജിനീയർ എന്നിവരുടെ ശ്രദ്ധയിൽ ടി വിഷയം കൊണ്ടുവരുന്നു.

ഓഡിറ്റ് എൻക്വയറി നം – 10/17.01.2023

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 തെരുവു വിളക്ക് പരിപാലനം - അനർഹമായി വാഹന വാടക നൽകി - ചെലവ് തുക നിരാകരിക്കുന്നു.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പദ്ധതി | തെരുവു വിളക്ക് പരിപാലനം (നം.153/22) |
| അടങ്കൽ തുക | ₹10,00,000/-(CFC ഫണ്ട്)<br>₹1,60,000/- (തനത് ഫണ്ട്) |
| ചെലവ് തുക | ₹6,99,602/- (CFC ഫണ്ട്)<br>₹1,03,198/- (തനത് ഫണ്ട്) |

തെരുവു വിളക്ക് പരിപാലനത്തിൽ ടെണ്ടർ വിളിച്ചതിൽ വിഷ്ണു വി, ധന്യ ഭവൻ, നടക്കൽ എന്ന വ്യക്തിയുടെ ടെണ്ടർ പോസ്റ്റ് ഒന്നിന് 52.50/- രൂപ നിരക്കിലും വാഹന വാടക നെഗോഷ്യേറ്റ് ചെയ്ത് 700/- രൂപ നിരക്കിലും 6.7.21 ലെ1(1)_ തീരുമാന പ്രകാരം അംഗീകരിച്ച് നൽകി.
വാഹന വാടക നൽകിയ ചെലവ് വിവരം പരിശോധിച്ചതിൽ 24.9.21, 3.10.21, 12.10.21 തീയതികളിൽ യഥാക്രമം 19, 4, 22 എന്നീ വാർഡുകളിൽ ഒരു ദിവസം മാത്രമേ വാഹനം ഉപയോഗിച്ച് അറ്റകുറ്റപ്പണി നടത്തിയിട്ടുള്ളുവെങ്കിലും രണ്ട് ദിവസം വീതം വാഹന വാടക അനുവദിച്ച് നൽകിയിരിക്കുന്നു. ഈയിനത്തിൽ ആകെ 2100/- രൂപ അധികം അനുവദിച്ചിട്ടുണ്ട്. (ചെലവ് തുക-116182-PFMSRO42200149205/30.3.22)
അധികം അനുവദിച്ച തുക തിരികെ ഈ ടാക്കി ഒടുക്കു വരുത്തി വിവരം അറിയിക്കേണ്ടതാണ്.
നിരാകരിച്ച തുക-2100/- രൂപ
ഓഡിറ്റ് എൻക്വയറി നം.-10/17.1.23

3-2 അസിസ്റ്റന്റ് എൻജിനീയർക്ക് വാഹനം വാടകയ്ക്ക് - രേഖകളുടെ അഭാവത്തിൽ 13130/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

പ്രോജക്ട് നമ്പർ. SO 315/22 അസിസ്റ്റന്റ് എൻജിനീയർക്ക് വാഹനം വാടകയ്ക്ക് .
അടങ്കൽ തുക - ₹30000/-(തനത് ഫണ്ട്)
ചെലവ് – ₹13130/-(ചെക്ക് നം.600310/15.1.22
നിർവ്വഹണാധികാരി – അസി.എഞ്ചിനീയർ
പദ്ധതി പ്രകാരം പ്രതിമാസം 1000 കിലോമീറ്ററിന് 21,000/- രൂപ നിരക്കിൽ കരാർ അടിസ്ഥാനത്തിൽ വാടകയ്ക്ക് എടുത്തിരുന്ന KL 01CB-7618 നമ്പരായ വാഹനം കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 21.11.20 എഫ് .415/20, 16.12.20ലെ എഫ്. 415/20 എന്നീ ഉത്തരവുകൾ പ്രകാരം തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പ് ഉപവരണാധികാരി ആയിരുന്ന പരവൂർ എംപ്ലോയ്മെന്റ് ഓഫീസർക്ക് 23.11.20മുതൽ 31.12.20 വരെ കാലയളവിലേക്ക് വിട്ടു നൽകാൻ ഉത്തരവായിട്ടുണ്ട്. വാഹന ഉടമയുമായി അസിസ്റ്റന്റ് എൻജിനീയർ ഉണ്ടാക്കിയിട്ടുള്ള കരാർ പ്രകാരം (കരാർ നം.36/AE/LSGD/KVKL/20-21 /4.9.20) മൂന്നുമാസം വാഹനം ഓടിയ ആകെ ദൂരം 3000 കിലോമീറ്ററിൽ കൂടുതൽ വരുന്ന പക്ഷം അത്തരത്തിൽ അധികമായി വരുന്ന കിലോമീറ്ററിന് 20/- രൂപ നിരക്കിൽ അധിക തുക നൽകേണ്ടതുണ്ട്. ഇത്തരത്തിൽ 11/20, 12/20,1/21എന്നീ മാസങ്ങളിൽ ആകെ 3000ത്തിൽ അധികം ഓടിയ കിലോമീറ്റർ കണക്കാക്കി നൽകിയിരിക്കുന്ന തുകയാണ് 13130/- രൂപ

പദ്ധതി ചെലവ് സംബന്ധമായി ചുവടെ ചേർക്കുന്ന അപാകതകൾ ഓഡിറ്റ് നിരീക്ഷിക്കുന്നു.

1. പരാമർശ വാഹനത്തിന്റേത് എന്ന നിലയിൽ ഒരു ലോഗ് ബുക്ക് ഓഡിറ്റിന് ഹാജരാക്കിയെങ്കിലും ആയത് പ്രസ്തുത വാഹനത്തിന്റേതാണെന്ന് ലോഗ് ബുക്കിലെവിടെയും രേഖപ്പെടുത്തിയിട്ടില്ല.

2. 23.11.20 മുതൽ 31.12.20 വരെ കാലയളവിൽ വാഹനം തെരഞ്ഞെടുപ്പ് സംബന്ധമായി വിട്ടു നൽകാൻ സെക്രട്ടറി ഉത്തരവായിട്ടുണ്ട് എങ്കിലും തെരഞ്ഞെടുപ്പ് വരണാധികാരി പ്രസ്തുത കാലയളവിലേക്ക്

വാഹനം ഏറ്റെടുത്തതായോ തിരികെ ഏൽപ്പിച്ചതായോ ഉള്ള സാക്ഷ്യപ്പെടുത്തലുകൾ മേൽ പരാമർശിച്ച ലോഗ് ബുക്കിൽ ഇല്ല. കൂടാതെ അസിസ്റ്റന്റ് എൻജിനീയർ ഉൾപ്പെടെയുള്ള ജീവനക്കാർ പ്രസ്തുത കാലയളവിൽ വാഹനം വിനിയോഗിച്ചിട്ടുള്ളതായാണ് ലോഗ്ബുക്കിലെ രേഖപ്പെടുത്തലുകൾ പ്രകാരം കാണുന്നത്.

3. ഓഡിറ്റിന് ഹാജരാക്കിയ ലോഗ് ബുക്കിൽ വാഹനം പ്രതിമാസം ഓടിയ ദൂരം ആരും തന്നെ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതുകൊണ്ട് തന്നെ അധിക തുക കണക്കാക്കിയിരിക്കുന്നതിന്റെ കൃത്യത ഉറപ്പുവരുത്താൻ കഴിയുന്നില്ല.

അപാകതകൾ ചൂണ്ടിക്കാണിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8/16.1.23) മറുപടിയായി ഗ്രാമപഞ്ചായത്ത് എൻജിനീയറിങ് വിഭാഗം ഉപയോഗിച്ചിരുന്ന വാഹനത്തിന്റെ ലോഗ് ബുക്ക് പദ്ധതി ചെലവ് സംബന്ധമായി ചുവടെ ചേർക്കുന്ന അപാകതകൾ ഓഡിറ്റ് നിരീക്ഷിക്കുന്നു.ആണ് ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളത് എന്നും കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 15.3.21 ലെ 20/2 തീരുമാനപ്രകാരമാണ് 11/20, 12/20, 1/21 മാസങ്ങളിൽ വാഹനം ഓടിയ ദൂരം ഒരുമിച്ച് കണക്കിലെടുത്ത് തുക നൽകിയിട്ടുള്ളതെന്നും പഞ്ചായത്ത് എൻജിനീയറിങ് വിഭാഗം മുൻ ക്ലർക്ക് ശ്രീമതി. ബിജിന ബീഗം നിലവിലെ അസിസ്റ്റന്റ് എൻജിനീയർ മുഖേന വിശദീകരണം ലഭ്യമാക്കി.

ലോഗ് ബുക്കിൽ ക്ഷമതയുള്ള ഉദ്യോഗസ്ഥരുടെ സാക്ഷ്യപ്പെടുത്തലുകൾ ഇല്ലാത്തതിനാലും, അധിക നിരക്ക് കണക്കാക്കുന്നതിന് അടിസ്ഥാനമാക്കിയ കാലയളവിൽ വാഹനം ആരൊക്കെ ഉപയോഗിച്ചു എന്നതിൽ രേഖപ്പെടുത്തലുകളില്ലാത്തതിനാലും മേൽ വിശദീകരണം ഓഡിറ്റ് അംഗീകരിക്കുന്നില്ല. 13130/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്ന് ഈടാക്കി ഒടുക്കു വരുത്തി രേഖകൾ ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. – 8/16.01.2023
നിരാകരിച്ച തുക – ₹13,130/-

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 13.01.2023 | കെ.എസ്.എ.കെ.എൽ.എം.പി.5/216/23 തീയതി- 25/03/2023 |

### 4-2 സംയുക്തപ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (₹) | പ്രൊജക്റ്റിന്റെ പേര് | ചെലവ് (₹) | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021/22 | 275000/- | അംഗൻവാടി പോഷകാഹാരം ജനറൽ | 275000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021/22 | 400000/- | അംഗൻവാടി പോഷകാഹാരം എസ് സി പി | 400000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021/22 | 217700/- | ഭിന്ന ശേഷിയുള്ളകുട്ടികൾക്ക് സ്കോർഷിപ്പ് | 217700/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021/22 | 305728/- | സമഗ്ര നെൽകൃഷി വികസനം | 305728/- | 0 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021/22 | 200000/- | ലൈഫ് മിഷൻ ഭൂമി വാങ്ങൽ ജനറൽ | 200000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021/22 | 170000/- | ലൈഫ് ഭവന നിർമ്മാണം എസ് സി | 170000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021/22 | 334855/- | കഴുത്തിൻമൂട് പൊയ്കയിൽ കോളനി റോഡ് കോൺക്രീറ്റിംഗ്- വാർഡ് 11 | 334855/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021/22 | 470936/- | പൂവത്തുര് ആലം കോട് വാതുക്കൽ തോട് സൈഡ് വാൾ സ്ലാബ് കലുങ്ക് നിർമ്മാണം-വാർഡ് 5 | 470936/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021/22 | 1040000/- | ലൈഫ് ഭവനപദ്ധതി-പട്ടികജാതി വകുപ്പിൽ നിന്നുള്ള അധിക ലിസ്റ്റ് തുക വകയിരുത്തൽ | 1040000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2021/22 | 300000/- | അംഗൻവാടി പോഷകാഹാരം ജനറൽ | 300000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2021/22 | 100000/- | ഭിന്ന ശേഷിയുള്ളകുട്ടികൾക്ക് സ്കോർഷിപ്പ് | 100000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2021/22 | 305728/- | സമഗ്ര നെൽകൃഷി വികസനം | 305728/- | 0 |
| ജില്ലാ പഞ്ചായത്ത് | 2021/22 | 181742/- | അംഗൻവാടി കെട്ടിട നിർമ്മാണം-വാർഡ് 20 നമ്പർ 96 | 181742/- | 0 |
| ജില്ലാ പഞ്ചായത്ത് | 2021/22 | 286875/- | അംഗൻവാടി കെട്ടിട നിർമ്മാണം വാർഡ്-19<br>നം 101 | 286875/- | 0 |
| ജില്ലാ പഞ്ചായത്ത് | 2021/22 | 286875/- | അംഗൻവാടി കെട്ടിട നിർമ്മാണം-നമ്പർ 89, വാർഡ് 8 | 286875/- | 0 |
| ജില്ലാ പഞ്ചായത്ത് | 2021/22 | 60000/- | ലൈഫ് ഭവന നിർമ്മാണം എസ് സി | 60000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2021/22 | 100000/- | ലൈഫ് ഭവന നിർമ്മാണം ജനറൽ | 100000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2021/22 | 48390/- | പട്ടാളം കുന്നു ഹരിജൻ കോളനി റോഡ് റീ ടാറിംഗ്, സൈഡ് വാൾ-വാർഡ് 5 | 48390/- | 0 |
| ജില്ലാ പഞ്ചായത്ത് | 2021/22 | 243990/- | പുതുവൽ വാതുക്കൽ നിന്നും പനമ്പള്ളി വാതുക്കൽ വരെ റോഡ് കോൺക്രീറ്റ്-വാർഡ് 17 | 243990/- | 0 |
| ജില്ലാ പഞ്ചായത്ത് | 2021/22 | 152606/- | ഗുരുദേവ പുരം കുന്നിൽ വാട്ടർ ടാങ്ക് റോഡ് കോൺക്രീറ്റ്-വാർഡ് 20 | 152606/- | 0 |
| ജില്ലാ പഞ്ചായത്ത് | 2021/22 | 640000/- | ലൈഫ് ഭവനപദ്ധതി പട്ടികജാതി വകുപ്പിൽ നിന്നുള്ള അധിക ലിസ്റ്റ് തുക വകയിരുത്തൽ | 640000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2021/22 | 30560/- | സുഭിക്ഷ കേരളം പടുതാകുളത്തിലെ മത്സ്യ കൃഷി | 30560/- | 0 |
| ജില്ലാ പഞ്ചായത്ത് | 2021/22 | 7277/- | സുഭിക്ഷ കേരളം ബയോഫ്ലോക്ക് മത്സ്യ കൃഷി | 7277/- | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക (₹) | ചെലവഴിച്ച തുക (₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|
| KSEB | ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 428155/- | 428155/- | 0 |
| KSEB | വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | 499532/- | 499532/- | 0 |
| കേരളാ വാട്ടർ അതോറിറ്റി | പാന്പുറം വാർഡിൽ പൈപ്പ് ലൈൻ നീട്ടൽ-വാർഡ് 20 | 600000/- | 600000/- | 0 |
| ഭൂജല വകുപ്പ് | വിവിധ വാർഡുകളിൽ കുടിവെള്ള പദ്ധതി (5,8,10,9,3,11 വാർഡുകൾ) | 1511000/- | 1511000/- | 0 |
| കേരളാ വാട്ടർ അതോറിറ്റി | ജലജീവൻ മിഷ ൻ പദ്ധതി | 641250/- | 641250/- | 0 |
| കേരളാ വാട്ടർ അതോറിറ്റി | സോഡാമുക്ക് കോളനി പൈപ്പ് ലൈൻ നീട്ടൽ എസ് സി വാട്ടർ അതോറട്ടിയിൽ തുക ഒടുക്കു വരുത്തൽ | 600000/- | 600000/- | 0 |
| ഭൂജല വകുപ്പ് | കാവടി കോണം കോളനി കുടിവെള്ള പദ്ധതി ഗൌണ്ട് വാട്ടർ വാർഡ് 8 | 116000/- | 116000/- | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന് വായ്പയിനത്തിൽ വരവ് ഇല്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | തൻവർഷ വായ്പ തുക(രൂപ) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക(രൂപ) | തൻവർഷം തിരിച്ചടച്ച തുക(രൂപ) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക(രൂപ) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | സ.ഉ(എം.എസ്) 2278/18/ തസ്വഭവ തീയതി.13.08.2018 | - | 61362940/- | 4558400/- | | 56804540/- |

1. ലോൺ രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. RP - 32 Secured Loans ൽ ലോൺ വരവ് തുകയായി 13,00,000/- രൂപ ഉൾപ്പെട്ടിട്ടുണ്ട്. ലൈഫ് മിഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം വരവില്ല.
2. Hudco Loan Repayment 2020-21 ൽ ഒടുക്കുവാൻ അവശേഷിക്കുന്ന തുക 6132940/- രൂപയാണ്. തൻ വർഷം ലോൺ വരവില്ല. ലോൺ തിരിച്ചടച്ച തുക 4558400/-രൂപയാണ്. ബാലൻസ് ഷീറ്റ് B-5 ഷെഡ്യൂളിൽ Secured Loan ൽ Outstanding Balance For Repayment ആയി വരേണ്ട തുക 56804540/- രൂപ ആണെന്നിരിക്കെ 2021-22 വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടുള്ള തുക 56770132/- രൂപയാണ്.

## 4-6 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 4,75,26,646/- |
| തൻവർഷം നിക്ഷേപിച്ച തുക | 0/- |
| ആകെ | 4,75,26,646/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 4,75,26,646/- |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

ഗ്രാമ പഞ്ചായത്തിന്റെ 2021-22 വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം വാർഷിക കണക്ക് പ്രകാരം 3,91,92,929/-രൂപയാണ്. എന്നാൽ പരിശോധനയ്ക്ക് ലഭ്യമാക്കിയ രേഖകൾ പ്രകാരമുള്ള സ്ഥിര നിക്ഷേപങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തീയതി | കാലയളവ് | തുക(രൂപ) | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | ഇളംകുളം സർവ്വീസ് സഹകരണ ബാങ്ക് – FD NO.25080/1 | 19.2.20 | 19.2.21 | 53,87,500/- | - |
| 2. | ഇളംകുളം സർവ്വീസ് സഹകരണ ബാങ്ക്- FD NO.9548 | 1.12.20 | 1.12.21 | 16,65,220/- | |
| 3 | നടയ്ക്കൽ സർവ്വീസ് സഹകരണ ബാങ്ക്-FD NO. 20230069418 | 23.10.20 | 23.10.21 | 54,12,500/- | - |
| 4 | നടയ്ക്കൽ സർവ്വീസ് സഹകരണ ബാങ്ക്-FD NO. 20230069419 | 23.10.20 | 23.10.21 | 54,12,500/- | - |
| 5 | നടയ്ക്കൽ സർവ്വീസ് സഹകരണ ബാങ്ക്-FD NO. 20230069420 | 23.10.20 | 23.10.21 | 54,12,500/- | - |
| 6 | നടയ്ക്കൽ സർവ്വീസ് സഹകരണ ബാങ്ക്-FD NO. 20230069421 | 23.10.20 | 23.10.21 | 54,12,500/- | - |
| 7 | ഇൻഡ്യൻ ബാങ്ക്, പാരിപ്പള്ളി FD NO. 628751 (A/C No6732346591) | 5.8.20 | 5.8.21 | 58,23,723/- | - |
| 8 | ഇൻഡ്യൻ ബാങ്ക്, പാരിപ്പള്ളി FD NO. 628227 (A/C No6732346591) | 2.3.2017 | 2.3.18 | 78,692/- | - |
| 9 | ഇൻഡ്യൻ ബാങ്ക്, പാരിപ്പള്ളി (A/C No6415685468) | 1.3.18 | 1.3.19 | 59,90,563/- | - |
| 10 | എസ് ബി ഐ, വേളമാനൂർ (A/C No. 37796879885) | 6.7.21 | 6.7.22 | 11,88,444/- | - |
| 11 | ഫെഡറൽ ബാങ്ക്, കല്ലുവാതുക്കൽ (A/C No. 12590300092059) | 18.9.20 | 18.9.21 | 11,58,291/- | - |
| 12 | ഗ്രാമീൺ ബാങ്ക്, കല്ലുവാതുക്കൽ FD NO.705076 | 19.3.21 | 19.3.22 | 24,31,535/- | - |

| | | | | | |
|---|---|---|---|---|---|
| 13 | കാനറ ബാങ്ക്-242100 | 10.7.20 | 10.7.21 | 21,52,678/- | |
| ആകെ | | | | 4,75,26,646/- | |

ആകെ സ്ഥിര നിക്ഷേപങ്ങളുടെ കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തികൊണ്ട് രജിസ്റ്റർ പരിപാലിക്കുകയോ, നിശ്ചിത ഇടവേളകളിൽ സ്ഥിര നിക്ഷേപങ്ങൾ പുതുക്കുകയോ ചെയ്യുന്നില്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 3-1 | 2006-07 | 3.11.7 | നിക്ഷേപ പ്രവൃത്തികൾ പൂർത്തികരിച്ചിട്ടില്ല | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട് |
| 2007-08 | 3-7 | 2010-11 | 5.2.5 | തൊഴിൽ പരിശീലനം തുക തിരിച്ചടവ് | തുക തിരിച്ചടച്ചു |
| 2008-09 | 3-3 | 2011-12 | 2.4 | ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം | തുക തിരിച്ചടച്ചു |
| 2015-16 | 2-2 | 2016-17 | 3.13 | അധിക പെർമിറ്റ് ഫീസ് ഈടാക്കാതെ ഓഡിറ്റോറിയത്തിന് നമ്പർ അനുവദിച്ചു നൽകി | നിലനിൽക്കുന്നു |
| 2015-16 | 2-3 | 2016-17 | 3.8 | ഒരു നില പണിയുന്നതിനായി പഞ്ചായത്തിൽ നിന്നും പെർമിറ്റ് നേടിയശേഷം മൂന്ന് നില കെട്ടിടം പണിതുയർത്തി | നിലനിൽക്കുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (രൂപ) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 2,100/- | ശ്രീ. ബിജു എസ്, സെക്രട്ടറി |
| 3-2 | | 13,130/- | ശ്രീ. ജോണി ജെ ബോസ്കോ, അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 1-12 | 50,000/- | ശ്രീ.ബിജു.എസ്, സെക്രട്ടറി |
| 1-14 | 35,53,976/- | ശ്രീ.ബിജു.എസ്, സെക്രട്ടറി |
| 1-15 | 47,000/- | ശ്രീ.ബിജു.എസ്, സെക്രട്ടറി |
| 1-17 | 88,000/- | ശ്രീ.ബിജു.എസ്, സെക്രട്ടറി |
| 1-18-1 | 4,65,695/- | ഡോ. പ്രശാന്ത്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 1-18-2 | 1,72,778/- | ഡോ. മായ ടി ആർ, മെഡിക്കൽ ഓഫീസർ, ഹോമിയോ |

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക(രൂപ) |
|---|---|
| - | - |

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| ഖണ്ഡിക നമ്പർ | തുക (രൂപ) |
|---|---|
| - | - |

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ബിജു എസ്, സെക്രട്ടറി | സെക്രട്ടറി, കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് | ധന്യ, തഴുത്തല.പി.ഒ, കൊല്ലം |
| ഡോ. പ്രശാന്ത്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | പി.എച്ച്.സി. പാരിപ്പള്ളി | ലക്ഷ്മിനഗർ, തെക്കേവിള പി ഒ, |
| ഡോ. മായ ടി ആർ, മെഡിക്കൽ ഓഫീസർ, ഹോമിയോ | ഹോമിയോ ഡിസ്പെൻസറി കല്ലുവാതുക്കൽ | സൗപർണ്ണിക, കുറുമണ്ടൽ, പരവൂർ പി.ഒ, |
| ശ്രീ. ജോണി ജെ ബോസ്കോ, അസിസ്റ്റന്റ് എഞ്ചിനീയർ | ലഭ്യമല്ല | സിനിൻ, നാന്തിരിക്കൽ വെള്ളിമൺ പി. ഒ. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | കെ.എസ്.എ.കെ.എൽ.എം-പി 5/413(1)/18, തീ 20.3.18 | 6 |
| 1998-99 | കെ.എസ്.എ.കെ.എൽ.എം-പി 5/413(2)/18, തീ 20.3.18 | 4 |
| 1999-00 | കെ.എസ്.എ.കെ.എൽ.എം-പി 5/413(3)/18, തീ 20.3.18 | 2 |
| 2000-01 | കെ.എസ്.എ.കെ.എൽ.എം-പി 5/413(4)/18, തീ 20.3.18 | 7 |
| 2001-02 | കെ.എസ്.എ.കെ.എൽ.എം-പി 5/413(5)/18, തീ 20.3.18 | 2 |
| 2003-04 | കെ.എസ്.എ.കെ.എൽ.എം-പി 5/413(6)/18, തീ 20.3.18 | 4 |
| 2004-05 | കെ.എസ്.എ.കെ.എൽ.എം-പി 5/413(7)/18, തീ 20.3.18 | 2 |
| 2005-06 | കെ.എസ്.എ.കെ.എൽ.എം-പി 5/413(8)/18, തീ 20.3.18 | 3 |
| 2006-07 | കെ.എസ്.എ.കെ.എൽ.എം-പി 1/1237(12)/14, തീ 20.6.14 | 14 |
| 2007-08 | കെ.എസ്.എ.കെ.എൽ.എം-പി 1/1237(13)/14, തീ 20.6.14 | 14 |
| 2008-09 | എൽ. എഫ്. ക്യൂ. പി 1/1237/14, തീ 20.06.14 | 16 |

| | | |
|---|---|---|
| 2009-10 | എൽ. എഫ്. ക്യൂ. പി 1/1237/14, തീ 20.06.14 | 14 |
| 2010-11 | എൽ. എഫ്. ക്യൂ. പി 1/1237/14, തീ 20.06.14 | 10 |
| 2011-12 | കെ.എസ്എ.കെ.എൽ.എം/പി 5/അദാലത്ത് 2011-12/844/22 തീയതി 25.08.2022 | 22 |
| 2012-13 | കെ.എസ്എ.കെ.എൽ.എം/പി 5/അദാലത്ത് 2012-13/844/22 തീയതി 25.08.2022 | 16 |
| 2013-14 & 2014-15 | കെ.എസ്എ.കെ.എൽ.എം/പി 5/അദാലത്ത് 2013-14 & 2014-15/844/22 തീയതി 25.08.2022 | 25 |
| 2015-16 | കെ.എസ്എ.കെ.എൽ.എം/പി 5/അദാലത്ത് 2015-16/844/22 തീയതി 25.08.2022 | 24 |
| 2016-17 | കെ.എസ്എ.കെ.എൽ.എം/പി 5/477/18 | 20 |
| 2017-18 | കെ.എസ്എ.കെ.എൽ.എം/പി 5-273/19 തീ. 30.4.19 | 16 |
| 2018-19 | കെ.എസ്എ.കെ.എൽ.എം/പി 5-1413/19 തീ. 01.11.19 | 17 |
| 2019-20 | കെ.എസ്എ.കെ.എൽ.എം/പി 5-1356/2021 തീ. 31.03.22 | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3

## അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം<br>(Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്